ഭരണഘടനാപരമായ പ്രശ്നങ്ങളും നമ്മുടെ സഭയിലെ മേൽ സൂചിപ്പിച്ച കീഴ്വഴക്കങ്ങളും കണക്കിലെടുത്ത് മൂന്നംഗങ്ങൾ ഉൾക്കൊള്ളുന്നതും ശ്രീ. ബേബി ജോൺ നിയമസഭാ കക്ഷി നേതാവും, പ്രൊഫ. എ.വി താമരാക്ഷൻ ഡെപ്യൂട്ടി ലീഡറും ശ്രീ. ബാബു ദിവാകരൻ സെക്രട്ടറിയും വിപ്പുമായി രൂപീകരിച്ച റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി (ബേബി ജോൺ) എന്ന പാർലമെന്ററി പാർട്ടിയെ നിയമസഭയിൽ ഒരു പ്രത്യേക ബ്ലോക്കായി അംഗീകരിക്കുകയും, നിയമസഭയ്ക്കകത്ത് അത്തരത്തിൽ പ്രവർത്തിക്കുവാൻ അനുവദിക്കുകയും ചെയ്യുന്നു.

ഭരണഘടനയുടെ പത്താം പട്ടികയും അതിന്റെ കീഴിലുള്ള ചട്ടങ്ങളും അനുസരിച്ച് പാർട്ടി അംഗങ്ങളുടെ പേരുവിവരം 1996 ഡിസംബർ 11-ാം തീയതി പുറപ്പെടുവിച്ച 99-ാം നമ്പർ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആർ.എസ്.പി. (ബേബി ജോൺ) എന്ന പാർലമെന്ററി പാർട്ടിയുടെ ആവിർഭാവത്തോടെ ഈ ബുള്ളറ്റിനിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായി 1986 ലെ Kerala Legislative Assembly (Disqualification on ground of Detection) Rules-ലെ 3-ാം ചട്ടത്തിൽ (4)-ാം ഉപചട്ടമനുസരിച്ച് ബന്ധപ്പെട്ടവരിൽ നിന്നും രേഖാമൂലമായ അറിയിപ്പു കിട്ടുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചു കൊള്ളുന്നു. ..... ബഹളം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ,....ബഹളം.....

മി. സ്പീക്കർ : പ്ലീസ്, പ്ലീസ് ..... നോ ഡിസ്ക്കഷൻ, നോ ഡിസ്ക്കഷൻ..

III. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ. തമ്പാനൂർ രവി, പി. വിശ്വൻ, പി. രാജു എന്നിവരെ 10-ാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലേക്ക് ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

IV. അടിയന്തിരപ്രമേയം

കണ്ണൂർ ജില്ലയിൽ ഏഴുപേർ കൊല ചെയ്യപ്പെട്ട രാഷ്ട്രീയ സംഘട്ടനങ്ങൾ

മി. സ്പീക്കർ : ഈയിടെ കണ്ണൂർ ജില്ലയിലെ തലശ്ശേരി, പാനൂർ മേഖലയിലുണ്ടായ സംഘട്ടനങ്ങളുടെയും കൊലപാതകങ്ങളുടെയും ഫലമായി അവിടെ നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷത്തെ സംബന്ധിച്ചു സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, പി.കെ. കുഞ്ഞാലിക്കുട്ടി, ടി.എം. ജേക്കബ്, ആർ. ബാലകൃഷ്ണപിള്ള എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിന്റെ ചില മേഖലകളിൽ വർഷങ്ങളായി രാഷ്ട്രീയ സംഘർഷങ്ങളും അതിനോടനുബന്ധിച്ചുള്ള പ്രശ്നങ്ങളും നിലനിൽക്കുകയായിരുന്നു. 1999 ആഗസ്റ്റ് 25-ാം തീയതി തിരുവോണ ദിവസം സി.പി.ഐ.(എം) നേതാവ് പി. ജയരാജനെ വീട്ടിൽ കയറി ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവമു

LIBRARY ARCHIVES Kerala Legislative Assembly